



## 6.5 കിലോഗ്രാം കഞ്ചാവുമായി ചാവക്കാട് സ്വദേശി പിടിയിൽ

6.5 കിലോഗ്രാം കഞ്ചാവുമായി തൃശ്ശൂർ, ചാവക്കാട്, മാമാബസാർ, വലിയ കത്ത് കടവിൽ, കുഞ്ഞുമുഹമ്മദ് മകൻ അബ്ബാസ് വയസ്സ് 38 എന്നയാളെ സംസ്ഥാന അതിർത്തിയായ ഗോവിന്ദാപുരത്ത് നിന്നും കൊല്ലങ്കോട് പോലീസും പാലക്കാട് ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും ചേർന്ന് നടത്തിയ പരിശോധനയിൽ പിടികൂടി.

പാലക്കാട് ജില്ല പോലീസ് മേധാവി ശിവവിക്രം IPS ന്റെ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ DySP ബാബു തോമസ്, ആലത്തൂർ ഡി.വൈ.എസ്.പി. കെ.എം. ദേവസ്യ എന്നിവരുടെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ 6 ലക്ഷം രൂപയോളം വില വരും.




തൃശ്ശൂർ ചാവക്കാട് കേന്ദ്രീകരിച്ച് അന്യസംസ്ഥാന തൊഴിലാളികൾ , മത്സ്യ തൊഴിലാളികൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, എന്നിവർക്ക് വിൽപ്പന നടത്താൻ കൊണ്ടുവന്നതാണ്

കഞ്ചാവ് . തമിഴ്നാട്ടിൽ നിന്നാണ് കഞ്ചാവ് എത്തിച്ചത്. മോട്ടോർ സൈക്കിളിൽ കഞ്ചാവുമായി വരുമ്പോഴാണ് പ്രതി പിടിയിലായത്.

ആലത്തൂർ ഡി.വൈ.എസ്.പി. കെ.എം.ദേവസ്യ, നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി. ബാബു.കെ.തോമസ് കൊല്ലങ്കോട് ഇൻസ്പെക്ടർ കെ.പി. ബെന്നി, സബ് ഇൻസ്പെക്ടർ സുധീർ.കെ .എസ് , എ.എസ്.ഐ ചന്ദ്രൻ.സി., സീനിയർ സിവിൽ പോലീസ് ഓഫീസർ ബൈജു. എ, സ്ക്വാഡ് അംഗങ്ങളായ റഹിം മുത്തു, കൃഷ്ണദാസ്. ആർ.കെ, സൂരജ് ബാബു. യു , ദിലീപ് .കെ, ഷിബു .ബി, എന്നിവരടങ്ങിയ സംഘമാണ് പ്രതിയേയും കഞ്ചാവും പിടികൂടിയത്.

..........................................................................................................................

100 | 1091 | 9497 900 000 | 9846 100 100 | 1090 | 1098 | 9846 200 100